# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:1161 10.08.2017-ൽ മറുപടിയ്ക്ക്**

## സ്മാർട്ട് ക്ലാസ്റൂം പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ . ടി.എ.അഹമ്മദ് കബീർ

പ്രൊഫ : സി.രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | 2016-17 ലെ ബജറ്റിൽ പ്രഖ്യാപിച്ച സ്മാർട്ട് ക്ലാസ്റൂം പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ ; | എ) | 2016 -17 ലെ ബജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് സ്കൂൾ പദ്ധതി 4 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ എട്ടു മുതൽ പന്ത്രണ്ടുവരെയുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പൈലറ്റായി നടപ്പിലാക്കിയിട്ടുണ്ട്.കൂടാതെ തിരുവനന്തപുരം, ഇടുക്കി, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത 7 സർക്കാർ ഹൈസ്കൂൾ, ഹയർസെക്കൻററി സ്കൂളുകളെ സ്മാർട്ട് സ്കൂൾ ആക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. ബാക്കിയുള്ള 136 മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഇതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്.ടി മണ്ഡലങ്ങളിലെ സ്കൂളുകളിലേയ്ക്കുള്ള ഐ.ടി ഉപകരണ വിതരണം 2017 ഒക്ടോബറിൽ ആരംഭിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന ഐ.റ്റി @ സ്കൂളിന്റെ പ്രവർത്തനം മന്ദഗതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ : | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | പ്രസ്തുത പദ്ധതി മങ്കട നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | സി) | സംസ്ഥാനത്തെ എട്ടുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ സ്കൂളിന്റെയും പങ്കാളിത്തത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും ക്ലാസ് മുറികൾ സജ്ജമാക്കുന്നതും അതത് സ്കൂളുകൾ തന്നെയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്കൂളുകൾ ഒരുക്കിയ സൗകര്യങ്ങളുടെ വിശദാംശം ഉൾപ്പെടുത്തുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾതല സർവ്വേയും ഐ.ടി.ഓഡിറ്റും നടത്തിയാണ് തുടർ പ്രവർത്തനങ്ങൾ നടത്തുന്നത്. സ്കൂളുകൾ സജ്ജമാക്കിയ ക്ലാസ് മുറികളുടെയും കമ്പ്യൂട്ടർ ലാബിന്റേയും നിജ സ്ഥിതി നേരിട്ട് മനസ്സിലാക്കുന്നതിനാണ് ഐ.ടി.ഓഡിറ്റ് നടത്തുന്നത്. |
| ഡി) | പ്രസ്തുത പദ്ധതി 2017-18-ൽ മറ്റ് മണ്ഡലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുമെന്ന ഉറപ്പ് പാലിക്കപ്പെടുമെന്ന കാര്യം പരിശോധിക്കുമോ? | ഡി) | പൈലറ്റ് പദ്ധതി നടപ്പിലാക്കിയ മണ്ഡലങ്ങൾക്ക പുറമെയുള്ള 136 അസംബ്ലി നിയോജകമണ്ഡലങ്ങളിലെ സ്കൂളുകളിലും 2017 ഒക്ടോബർ മാസത്തോടെ ഐ.ടി.ഉപകരണ വിതരണവും തുടർ പ്രവർത്തനങ്ങളും ആരംഭിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ